## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 561

24.01.2018 ൽ മറുപടിക്ക്

### വ്യാവസായിക വളർച്ചയ്ക്ക് ഓർഡിനൻസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. അനിൽ അക്കര | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യവസായിക വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; | (എ) & (ബി) | കേന്ദ്ര ഗവൺമെന്റിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സംരംഭത്തെ അസ്പദമാക്കിയിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ റാങ്കിങ്ങിൽ സംസ്ഥാനം വളരെ പിന്നോക്കം നിൽക്കുന്ന സാഹചര്യമാണുള്ളത്.<br>തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിന് നിക്ഷേപകരെ ആകർഷിക്കേണ്ടതുണ്ട്. സ്വകാര്യ മൂലധനത്തെ ആശ്രയിക്കുമ്പോൾ തൊഴിലാളികളുടെ അവകാശം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടായിരിക്കും പദ്ധതികൾ നടപ്പിലാക്കേണ്ടത്. നടപടിക്രമങ്ങൾ ലഘൂകരിച്ചും, വിവിധ വകുപ്പുകളിലായി നിലനിൽക്കുന്ന പല ചട്ടങ്ങളും നിയമങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതുവഴി കേരളത്തിൽ വ്യവസായം അനായാസം നടത്താൻ പറ്റുന്ന പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ഇതുസംബന്ധിച്ച് പഠനം നടത്തിയത്. അപ്രകാരം ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉന്നതതല ചർച്ചകൾക്ക് ശേഷമാണ് സർക്കാർ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & |
| (ബി) | വ്യവസായിക വളർച്ചയ്ക്ക് അനുകൂല മായ സാഹചര്യം സൃഷ്ടിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ മാത്രം പോര എന്നതിനാലാണോ ഓർഡിനൻസ് മുഖേന ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തി വ്യവസായം തുടങ്ങുന്ന തിനുള്ള അന്തരീക്ഷം മെച്ചപ്പെടുത്തു ന്നതിന് തീരുമാനിച്ചത് ; | | |

| | | | |
|---|---|---|---|
| | | | ഫെസിലിറ്റേഷൻ ഓർഡിനൻസ് 2017 വിജ്ഞാപനം ചെയ്യുകയുണ്ടായി.<br><br>2017 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിൽ താഴെപ്പറയുന്ന ഏഴ് നിയമങ്ങളിലാണ് ഭേദഗതി വരുത്തിയത്.<br><br>1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994<br>2. കേരള മുൻസിപ്പാലിറ്റി ആക്ട് - 1994<br>3. കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് - 2013<br>4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002<br>5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978<br>6. കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960<br>7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ട് - 1999.<br>കേരളത്തിൽ നിലവിലുള്ള അപേക്ഷാഫോറങ്ങൾ പരിഷ്കരിക്കുകയും അവ ഏകീകരിച്ചുകൊണ്ട് ഒരു അപേക്ഷ ഫോറം രൂപകല്പന ചെയ്യും വരുന്നു. |
| (സി) | ഓർഡിനൻസിലെ ഏതെങ്കിലും ഭേദഗതിക്കെതിരെ തൊഴിലാളി സംഘടനകൾ രംഗത്ത് വന്നിട്ടു ണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (സി) & (ഡി) | 2017 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിൽ, 1978 ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ടിൽ നിലവിലുള്ള തൊഴിൽ നിയമത്തിൽ കാതലായ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. പുതുതായി 9A, 9B എന്നീ സെക്ഷനുകൾ ചേർത്തിരിക്കുന്നു. ഇത് സംബന്ധിച്ച് 22.11.2017 ൽ വിവിധ |
| (ഡി) | തൊഴിലാളി സംഘടനകളുടെ എതിർപ്പിനെത്തുടർന്ന് പ്രസ്തുത ഭേദഗതി നിർദ്ദേശം ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ? | | |

| | | | |
|---|---|---|---|
| | | | തൊഴിലാളി സംഘടന നേതാക്കളുമായി വ്യവസായ വകുപ്പ് മന്ത്രിയുടെയും തൊഴിൽ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. തൊഴിലാളി വിരുദ്ധമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാവുകയില്ല. നിയമസഭയിൽ ഇത് ബിൽ ആയി അവതരിപ്പിക്കുമ്പോൾ വിശദമായ ചർച്ചയ്ക്ക് അവസരം ലഭിക്കുന്നതാണ്. |

Bindu T

**സെക്ഷൻ ഓഫീസർ**